## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4205** — **20/03/2018-ൽ മറുപടിയ്ക്ക്**

### രോഗം ബാധിച്ച മൃഗങ്ങളെ കശാപ്പ് ചെയ്ത് വിതരണം ചെയ്യുന്ന നടപടി

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | രോഗം ബാധിച്ച മൃഗങ്ങളെ ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് കശാപ്പ് ചെയ്ത് സംസ്ഥാനത്ത് വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇതു തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന കന്നുകാലികളെ പരിശോധിക്കാൻ വിവിധ ജില്ലകളിലായി സംസ്ഥാന അതിർത്തികളിൽ 18 മൃഗസംരക്ഷണ ചെക്ക്പോസ്റ്റുകൾ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ചെക്ക്പോസ്റ്റു വഴി കടന്നുവരുന്ന ഉരുക്കളെ ഭൗതിക പരിശോധന നടത്തിയാണ് സംസ്ഥാനത്തിനകത്തേയ്ക്ക് കടത്തിവിടുന്നത്. രോഗമുണ്ടെന്ന് പ്രഥമ ദൃഷ്ട്യാ സംശയിക്കുന്ന ഉരുക്കളെയും ആരോഗ്യ സർട്ടിഫിക്കറ്റ് ഇല്ലാതെ വരുന്ന ഉരുക്കളെയും തിരിച്ച് വിടാറുണ്ട്. പക്ഷിപ്പനി, കുളമ്പ് രോഗം തുടങ്ങിയവ അന്യ സംസ്ഥാനങ്ങളിൽ ഉണ്ടെന്ന് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് രക്ത പരിശോധനയും ചെക്ക്പോസ്റ്റുകളിൽ നടത്തിവരുന്നു. |
| (സി) | സുരക്ഷിത മാംസമാണോ ജനങ്ങൾക്ക് ലഭ്യമാകുന്നത് എന്നുറപ്പാക്കാൻ അറവുശാലകളുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | 1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരം, അധികാരപ്പെടുത്തിയിട്ടുള്ള വെറ്ററിനറി സർജൻ പരിശോധിച്ച് പകർച്ച വ്യാധികളോ മറ്റു രോഗങ്ങളോ ഇല്ലെന്ന് സാക്ഷ്യപ്പെടുത്തി മുദ്രവെച്ച മൃഗങ്ങളെ മാത്രമേ കശാപ്പ് ചെയ്യാവൂ എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. കശാപ്പു ചെയ്യപ്പെട്ട എല്ലാ മൃഗങ്ങളുടേയും മാംസം പരിശോധന അധികാരിയായ പബ്ലിക് ഹെൽത്ത് ഓഫീസർ അല്ലെങ്കിൽ സാനിറ്ററി ഇൻസ്പെക്ടർ സൂക്ഷ്മമായി പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | മുദ്രവയ്ക്കേണ്ടതാണ് എന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ എല്ലാ പൊതു കശാപ്പുശാലകളും ലൈസൻസുള്ള സ്വകാര്യ കശാപ്പുശാലകളും പാലിക്കേണ്ടതാണ്. കൂടാതെ ഭക്ഷ്യസുരക്ഷാ വിഭാഗവും മാംസത്തിന്റെ സുരക്ഷിതത്വം പരിശോധിക്കേണ്ടതാണ്. |
| (ഡി) | മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിന് മുൻപ് പരിശോധിക്കുന്നതിനായി മൃഗഡോക്ടർ മാരുടെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (ഡി) | 20/2/2018 -ൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷ തയിൽ കൂടിയ സംസ്ഥാന വികസന സമിതി യോഗത്തിൽ അറവ് ശാലകളിൽ മൃഗങ്ങളുടെ ആന്റിമോർട്ടം/പോസ്റ്റ്മോർട്ടം പരിശോധന കൾക്കായി കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ